2373
4/9/18

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- വയോജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി ഗ്ലൂക്കോമീറ്റർ നൽകുന്ന പദ്ധതി - 'സായംപ്രഭ' പദ്ധതി ശീർഷകത്തിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ(സാധാ)നം. 444/2018/സാനീവ തീയതി, തിരുവനന്തപുരം, 23/07/2018

പരാമർശം : 1. സാമൂഹ്യനീതി ഡയറക്ടറുടെ 17/5/2018 ലെ ജി3-5058/2018 നമ്പർ കത്ത്.

2.4/6/18 ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

## ഉത്തരവ്

കേരളത്തിലെ 80% വൃദ്ധ ജനങ്ങളും ജീവിത ശൈലീ രോഗങ്ങളിൽ ഏറ്റവും വ്യാപകമായ പ്രമേഹ രോഗത്തിനടിമകളായതിനാൽ വീട്ടിലിരുന്നു തന്നെ രക്തത്തിലെ പഞ്ചസാരയുടെ അളവ് നിർണ്ണയിക്കാൻ സഹായിക്കുന്ന ഗ്ലൂക്കോമീറ്റർ എന്ന ഉപകരണം ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷം സൗജന്യമായി നൽകുന്ന ഒരു പദ്ധതി നടപ്പിലാക്കുന്നതിനനുവാദം നൽകണമെന്നും അതിനായി 56,00,000/- രൂപ (അമ്പത്തിയാറ് ലക്ഷം രൂപ മാത്രം) ചെലവുവരുമെന്നും ആയത് നടപ്പ് സാമ്പത്തിക വർഷത്തെ വൃദ്ധജനങ്ങളുടെ ക്ഷേമപദ്ധതിയായ 'സായംപ്രഭ' പദ്ധതിയുടെ 2235-02-104-82-പ്ലാൻ എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 550 ലക്ഷം രൂപയിൽ നിന്നും അനുവദിക്കണമെന്നും പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2) സാമൂഹ്യനീതി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന് പരാമർശം (2) പ്രകാരം വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകാരം നൽകിയിട്ടുണ്ട്.

(3) സാമൂഹ്യനീതി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചു. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് ആരോഗ്യ പരിപാലനത്തിനായി വരുമാന പരിധി പരിശോധിച്ച് അർഹത മാനദണ്ഡങ്ങൾക്കനുസരിച്ച് ഗ്ലൂക്കോമീറ്റർ നൽകുന്ന പദ്ധതിയ്ക്കായി, സാമ്പത്തികമായി ഏറ്റവും പിന്നാക്കം നിൽക്കുന്ന അർഹരായ ഗുണഭോക്താവിന് മുൻഗണന നൽകണമെന്നും സ്ട്രിപ്പിന്റെ ചെലവ് ഒരു നിശ്ചിത കാലത്തേയ്ക്ക് നിശ്ചയിക്കേണ്ടതാണെന്നുമുള്ള നിബന്ധനകൾക്ക് വിധേയമായി, ഒരു ഗ്ലൂക്കോമീറ്റർ സെറ്റിന് 400/- രൂപ നിരക്കിൽ ഒരു ജില്ലയിൽ 1000 എണ്ണം വീതം 14 ജില്ലകളിലായി ആകെ 56,00,000/- രൂപ (അമ്പത്താറു ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ സായംപ്രഭ പദ്ധതിയുടെ 2235-02-104-82-Plan എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ബിജു പ്രഭാകർ**

സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/ (.എ & ഇ))കേരളം, തിരുവനന്തപുരം
സാമൂഹ്യനീതി (എ) വകുപ്പ്.
ധനകാര്യ വകുപ്പ്
ആസൂത്രണസാമ്പത്തിക കാര്യ വകുപ്പ്
ഐ.&പി.ആർ (വെബ് & ന്യൂ മീഡിയ)വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ